**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**തിരുവനന്തപുരം – 695 033**

നമ്പർ.ബി2/219/2023-സം.തി.ക.

തീയതി 15.11.2023

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

**എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും**

സ്പെഷ്യൽ തഹസിൽദാർ, അഡീഷണൽ എൽ.എ യൂണിറ്റ്, സിവിൽ സ്റ്റേഷൻ, തിരുവനന്തപുരം & വരണാധികാരി, ജി.41 അരുവിക്കര ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. പി.ഡബ്ല്യൂ.ഡി. റോഡ്സ് സബ് ഡിവിഷൻ, കരുനാഗപ്പള്ളി & വരണാധികാരി, ജി.03 തഴവാ ഗ്രാമപഞ്ചായത്ത്, കൊല്ലം

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, കുന്നത്തൂർ, ശാസ്താംകോട്ട &
വരണാധികാരി, ജി.10 പോരുവഴി ഗ്രാമപഞ്ചായത്ത്, കൊല്ലം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി. റോഡ്സ് സബ്ഡിവിഷൻ, കൊട്ടാരക്കര & വരണാധികാരി, ജി.14 ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് & വരണാധികാരി, ജി.56 കൊറ്റങ്കര ഗ്രാമപഞ്ചായത്ത്, കൊല്ലം

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ്, കോഴഞ്ചേരി &
വരണാധികാരി, ജി.24 മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

ടൗൺ എംപ്ലോയ്മെന്റ് ഓഫീസർ, റാന്നി &
വരണാധികാരി, ജി.27 റാന്നി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട

ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി, ആലപ്പുഴ &
വരണാധികാരി, എം.11 കായംകുളം നഗരസഭ, ആലപ്പുഴ

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് സർവെ, ചെങ്ങന്നൂർ &
വരണാധികാരി, ബി 38 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത്, ആലപ്പുഴ

പ്രോജക്ട് ഓഫീസർ, ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, കാഞ്ഞിരപ്പള്ളി &
വരണാധികാരി, എം.64 ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി, കോട്ടയം

അസിസ്റ്റന്റ് ഡയറക്ടർ, (ഡെവലപ്പ്മെന്റ്), സിവിൽ സ്റ്റേഷൻ, കോട്ടയം &
വരണാധികാരി, ബി 52 കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം

അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ, കുറവിലങ്ങാട് &
വരണാധികാരി, ജി 23 വെളിയന്നൂർ  ഗ്രാമ പഞ്ചായത്ത്, കോട്ടയം

ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ്, പൂഞ്ഞാർ, അരുവിത്തുറ
പി.ഒ. & വരണാധികാരി, ജി 40 തലനാട് ഗ്രാമ പഞ്ചായത്ത്, കോട്ടയം

താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, ദേവികുളം, മൂന്നാർ &
വരണാധികാരി, ജി 07 മൂന്നാർ ഗ്രാമ പഞ്ചായത്ത്, ഇടുക്കി

അസിസ്റ്റന്റ് രജിസ്ട്രാർ ജനറൽ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ജനറൽ), ഉടുമ്പൻചോല &
വരണാധികാരി, ജി.20 ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത്, ഇടുക്കി

ടെക്നിക്കൽ അസിസ്റ്റന്റ്, ഓഫീസ് ഓഫ് പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസർ, തൊടുപുഴ &
വരണാധികാരി, ജി 45 കരിങ്കുന്നം ഗ്രാമ പഞ്ചായത്ത്, ഇടുക്കി

അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ, കോലഞ്ചേരി, എറണാകുളം &
വരണാധികാരി, ജി 50 വടവുകോട്-പുത്തൻ കുരിശ് ഗ്രാമ പഞ്ചായത്ത്, എറണാകുളം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എം.വി.ഐ.പി. സബ് ഡിവിഷൻ നമ്പർ.9, മൂവാറ്റുപുഴ &
വരണാധികാരി, ജി 70 രാമമംഗലം ഗ്രാമപഞ്ചായത്ത്, എറണാകുളം

അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർ, മാള &
വരണാധികാരി, ജി 81 മാള ഗ്രാമ പഞ്ചായത്ത്, തൃശ്ശൂർ

ഡിസ്ട്രിക്ട് കളക്ടർ, പാലക്കാട് &
വരണാധികാരി, ഡി.09 പാലക്കാട് ജില്ലാ പഞ്ചായത്ത്, പാലക്കാട്

സബ് കളക്ടർ/ആർ.ഡി.ഒ. ഒറ്റപ്പാലം &
വരണാധികാരി, എം. 39 ഒറ്റപ്പാലം മുനിസിപ്പാലിറ്റി, പാലക്കാട്

റവന്യൂ ഡിവിഷണൽ ഓഫീസർ, പാലക്കാട് &
വരണാധികാരി, ബി 103 മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്

അഗ്രിക്കൾച്ചറൽ ഓഫീസർ, കപ്പൂക്കല്ലൂർ &
വരണാധികാരി, ജി 05 പട്ടിത്തറ ഗ്രാമ പഞ്ചായത്ത്, പാലക്കാട്

അസിസ്റ്റന്റ് ഡയറക്ടർ ഓഫ് കോ-ഓപ്പറേറ്റീവ് ഓഡിറ്റ്, ഒറ്റപ്പാലം &
വരണാധികാരി, ജി.06 തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്ത്, പാലക്കാട്

അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ), ആലത്തൂർ &
വരണാധികാരി, ജി.90 വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്, പാലക്കാട്

സബ് രജിസ്ട്രാർ, പരപ്പനങ്ങാടി &
വരണാധികാരി, ജി 67 ഒഴൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം

ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ്, തോടന്നൂർ &
വരണാധികാരി, ജി 09 വാണിമേൽ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്

തഹസിൽദാർ (ആർ.ആർ), വടകര, മിനി സിവിൽ സ്റ്റേഷൻ വടകര &
വരണാധികാരി, ജി 20 വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്

തഹസിൽദാർ (ലാന്റ് റെക്കോർഡ്സ്), താമരശ്ശേരി &
വരണാധികാരി, ജി 56 മടവൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്

തഹസിൽദാർ (ലാന്റ് റെക്കോർഡ്സ്), താലൂക്ക് ഓഫീസ്, കോഴിക്കോട്, സിവിൽ സ്റ്റേഷൻ &
വരണാധികാരി, ജി 65 മാവൂർ ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്

അസിസ്റ്റന്റ് ഡയറക്ടർ, ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് സെന്റർ, മുട്ടിൽ &
വരണാധികാരി, ജി 19 മുട്ടിൽ ഗ്രാമ പഞ്ചായത്ത്, വയനാട്

ഡെപ്യൂട്ടി കമ്മീഷണർ, സ്റ്റേറ്റ് ഗുഡ്സ് & സർവീസ് ടാക്സ് ഡിപ്പാർട്ട്മെന്റ്, ടാക്സ് പേയർ സർവീസ് ഡിവിഷൻ, കണ്ണൂർ നോർത്ത് & വരണാധികാരി, ബി 144 പാനൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ

അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ജനറൽ) ഹോസ്ദുർഗ് &
വരണാധികാരി, ജി 22 പള്ളിക്കര ഗ്രാമ പഞ്ചായത്ത്, കാസർഗോഡ്

സർ,

വിഷയം : കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകളിൽ **2023 ഡിസംബർ 12 (ചൊവ്വാഴ്ച)** ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നത് - കാര്യപരിപാടി അറിയിക്കുന്നത് - സംബന്ധിച്ച്

സംസ്ഥാനത്തെ പതിന്നാല് ജില്ലകളിലെ താഴെ പട്ടികയിൽ കൊടുത്തിട്ടുള്ള പഞ്ചായത്ത് നിയോജക മണ്ഡലങ്ങളിലും മുനിസിപ്പാലിറ്റി വാർഡുകളിലും **2023 ഡിസംബർ 12 (ചൊവ്വാഴ്ച)**ന് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടി അനുബന്ധമായി കൊടുത്തിരിക്കുന്നു. പ്രസ്തുത കാര്യപരിപാടി അനുസരിച്ച് ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ നിർദേശിക്കുന്നു.

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റെ നമ്പറും പേരും | നിയോജക മണ്ഡലത്തിന്റെ/ നമ്പരും പേരും | സംവരണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | ജി 41 അരുവിക്കര ഗ്രാമ പഞ്ചായത്ത് | 9-മണമ്പൂർ | സ്ത്രീ |
| 2 | കൊല്ലം | ജി 03 തഴവാ ഗ്രാമ പഞ്ചായത്ത് | 18-കടത്തൂർ കിഴക്ക് | ജനറൽ |
| 3 | കൊല്ലം | ജി 10 പോരുവഴി ഗ്രാമ പഞ്ചായത്ത് | 15-മയ്യത്തുംകര | സ്ത്രീ |
| 4 | കൊല്ലം | ജി 14 ഉമ്മന്നൂർ ഗ്രാമ പഞ്ചായത്ത് | 20-വിലങ്ങറ | സ്ത്രീ |
| 5 | കൊല്ലം | ജി 56 കൊറ്റങ്കര ഗ്രാമ പഞ്ചായത്ത് | 08-വായനശാല | ജനറൽ |
| 6 | പത്തനംതിട്ട | ജി 24 മല്ലപ്പുഴശ്ശേരി ഗ്രാമ പഞ്ചായത്ത് | 12-കാഞ്ഞിരവേലി | സ്ത്രീ |
| 7 | പത്തനംതിട്ട | ജി 27 റാന്നി ഗ്രാമ പഞ്ചായത്ത് | 07-പുതുശ്ശേരിമല കിഴക്ക് | ജനറൽ |
| 8 | ആലപ്പുഴ | എം 11 കായംകുളം നഗരസഭ | 32-ഫാക്ടറി | ജനറൽ |
| 9 | ആലപ്പുഴ | ബി 38 ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 01-തിരുവൻവണ്ടൂർ | പട്ടികജാതി |
| 10 | കോട്ടയം | എം 64 ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി | 11- കുറ്റിമരം പറമ്പ് | ജനറൽ |
| 11 | കോട്ടയം | ബി 52 കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 01-ആനക്കല്ല് | സ്ത്രീ |
| 12 | കോട്ടയം | ബി 52 കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 04-കൂട്ടിക്കൽ | സ്ത്രീ |
| 13 | കോട്ടയം | ജി 23 വെളിയന്നൂർ ഗ്രാമ പഞ്ചായത്ത് | 10-അരീക്കര | സ്ത്രീ |
| 14 | കോട്ടയം | ജി 40 തലനാട് ഗ്രാമ പഞ്ചായത്ത് | 04-മേലടുക്കം | ജനറൽ |
| 15 | ഇടുക്കി | ജി 07 മൂന്നാർ ഗ്രാമ പഞ്ചായത്ത് | 11-മൂലക്കട | പട്ടികജാതി |
| 16 | ഇടുക്കി | ജി 07 മൂന്നാർ ഗ്രാമ പഞ്ചായത്ത് | 18-നടയാർ | പട്ടികജാതി സ്ത്രീ |
| 17 | ഇടുക്കി | ജി.20 ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് | 10-മാവടി | സ്ത്രീ |
| 18 | ഇടുക്കി | ജി 45 കരിങ്കുന്നം ഗ്രാമ പഞ്ചായത്ത് | 07-നെടിയകാട് | സ്ത്രീ |
| 19 | എറണാകുളം | ജി 50 വടവുകോട്-പുത്തൻ കുരിശ് ഗ്രാമ പഞ്ചായത്ത് | 10-വരിക്കോലി | സ്ത്രീ |
| 20 | എറണാകുളം | ജി 70 രാമമംഗലം ഗ്രാമപഞ്ചായത്ത് | 13-കോരങ്കടവ് | ജനറൽ |
| 21 | തൃശ്ശൂർ | ജി 81 മാള ഗ്രാമ പഞ്ചായത്ത് | 14-കാവനാട് | ജനറൽ |
| 22 | പാലക്കാട് | ഡി 09 പാലക്കാട് ജില്ലാ പഞ്ചായത്ത് | 24-വാണിയംകുളം | ജനറൽ |

| | | | | |
|---|---|---|---|---|
| 23 | പാലക്കാട് | എം.39 ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 07-പാലാട്ട് റോഡ് | ജനറൽ |
| 24 | പാലക്കാട് | ബി 103 മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 06-കണ്ണോട് | ജനറൽ |
| 25 | പാലക്കാട് | ജി 05 പട്ടിത്തറ ഗ്രാമ പഞ്ചായത്ത് | 14-തലക്കശ്ശേരി | ജനറൽ |
| 26 | പാലക്കാട് | ജി.06 തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്ത് | 11-പള്ളിപ്പാടം | ജനറൽ |
| 27 | പാലക്കാട് | ജി.90 വടക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് | 06-അഞ്ചുമൂർത്തി | ജനറൽ |
| 28 | മലപ്പുറം | ജി 67 ഒഴൂർ ഗ്രാമ പഞ്ചായത്ത് | 16-ഒഴൂർ | പട്ടികജാതി |
| 29 | കോഴിക്കോട് | ജി 09 വാണിമേൽ ഗ്രാമ പഞ്ചായത്ത് | 14-കോടിയൂറ | ജനറൽ |
| 30 | കോഴിക്കോട് | ജി 20 വില്ല്യാപ്പള്ളി ഗ്രാമ പഞ്ചായത്ത് | 16-ചല്ലി വയൽ | ജനറൽ |
| 31 | കോഴിക്കോട് | ജി 56 മടവൂർ ഗ്രാമ പഞ്ചായത്ത് | 05-പുല്ലാളൂർ | ജനറൽ |
| 32 | കോഴിക്കോട് | ജി 65 മാവൂർ ഗ്രാമ പഞ്ചായത്ത് | 13-പാറമ്മൽ | ജനറൽ |
| 33 | വയനാട് | ജി 19 മുട്ടിൽ ഗ്രാമ പഞ്ചായത്ത് | 03-പരിയാരം | ജനറൽ |
| 34 | കണ്ണൂർ | ബി 144 പാനൂർ ബ്ലോക്ക് പഞ്ചായത്ത് | 10-ചൊക്ലി | സ്ത്രീ |
| 35 | കാസർഗോഡ് | ജി 22 പള്ളിക്കര ഗ്രാമ പഞ്ചായത്ത് | 22-കോട്ടക്കുന്ന് | ജനറൽ |

1. **2023 ഡിസംബർ 12** - ന് നടത്തുന്ന ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം ഇന്ന് **2023 നവംബർ 15** മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.
2. മേൽ പറഞ്ഞ നിയോജകമണ്ഡലങ്ങളിൽ / വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പുതുക്കിയ സമ്മതിദായക പട്ടിക ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ നിശ്ചിത സമയപരിധിക്കുള്ളിൽ അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ ഉടൻ അറിയിക്കേണ്ടതാണ്.
3. തിരഞ്ഞെടുപ്പ് സംബന്ധിച്ച് ഫാറം 1-ലുള്ള നോട്ടീസ് **നവംബർ 16 (വ്യാഴം)** -ന് ബന്ധപ്പെട്ട വരണാധികാരികൾ ചട്ട പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിവരം അന്നുതന്നെ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്.
4. ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനും ഉപതിരഞ്ഞെടുപ്പിന്റെ സുഗമവും നീതിപൂർവ്വകവുമായ നടത്തിപ്പിനും ആവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. **2023 ഡിസംബർ 12** - ന് ഉപതിരഞ്ഞെടുപ്പ് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും നിയോജക മണ്ഡലങ്ങളിൽ / വാർഡുകളിൽ തിരഞ്ഞെടുപ്പ് നടപടികൾക്കെതിരെ ഏതെങ്കിലും കോടതി വിധിയോ വിലക്കോ ഇല്ലെന്ന് ഉറപ്പുവരുത്താൻ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്തെങ്കിലും തടസ്സം നിലവിലുണ്ടെങ്കിൽ ആ വിവരം എത്രയും വേഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ

അറിയിക്കേണ്ടതാണ്.കൂടാതെ, ഈ അറിയിപ്പ് കിട്ടിയാലുടൻ ബന്ധപ്പെട്ട വരണാധികാരി, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് വരണാധികാരി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവരുടെ ഒരു യോഗം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ വിളിച്ചു കൂട്ടേണ്ടതും തിരഞ്ഞെടുപ്പ് പ്രക്രിയ സംബന്ധിച്ച നിർദേശങ്ങൾ നൽകേണ്ടതുമാണ്. ഈ യോഗതീയതി കമ്മീഷനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

5. വരണാധികാരികൾക്ക് സ്വന്തമായി ഓഫീസ് വാഹനമില്ലാത്ത പക്ഷം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ വാഹനം തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്ക് അത്യാവശ്യസന്ദർഭങ്ങളിൽ ലഭ്യമാക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.
6. 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ മത്സരിക്കുന്നതിന് രണ്ടായിരം രൂപയും ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി വാർഡുകളിൽ മത്സരിക്കുന്നതിന് നാലായിരം രൂപയും ജില്ലാ പഞ്ചായത്തിൽ അയ്യായിരം രൂപയും ആണ് സ്ഥാനാർത്ഥികൾ നിക്ഷേപതുകയായി കെട്ടിവെക്കേണ്ടത്. എന്നാൽ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോപെട്ട സ്ഥാനാർത്ഥികളുടെ സംഗതിയിൽ കെട്ടിവെക്കേണ്ട തുക അങ്ങനെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അൻപത് ശതമാനം ആയിരിക്കുന്നതാണ്.
7. വരണാധികാരികൾ തിരഞ്ഞെടുപ്പിന് ശേഷം സ്ഥാനാർത്ഥികളുടെ നിക്ഷേപതുക തിരികെ നൽകുകയോ കണ്ടുകെട്ടുയോ ചെയ്യുന്നതിന്, കമ്മീഷന്റെ 23/02/2023-ലെ ബി1/39/2021/സം.തി.ക നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധി മുനിസിപ്പാലിറ്റി വാർഡുകളിൽ 75,000/- രൂപയും ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 25,000/- രൂപയും. ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 75,000/- രൂപയും, ജില്ലാപഞ്ചായത്ത് നിയോജക മണ്ഡലങ്ങളിൽ 1,50,000/- രൂപയുമാണെന്ന വിവരത്തിന് വേണ്ടത്ര പ്രചാരണം നൽകേണ്ടതാണ്.
9. തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് സമർപ്പിക്കണം. ഇതിലേയ്ക്ക്, അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെയാണ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ വിവരം സ്ഥാനാർത്ഥികളെ മുൻകൂട്ടി അറിയിക്കാൻ വരണാധികാരി നടപടി സ്വീകരിക്കേണ്ടതാണ്.
10. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 86-ാം വകുപ്പും / 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 142-ാം വകുപ്പും അനുസരിച്ച് നിശ്ചിത സമയത്തിനകം തിരഞ്ഞെടുപ്പ് ചെലവു കണക്ക് സമർപ്പിച്ചിട്ടില്ലാത്ത സ്ഥാനാർത്ഥികളുടെ വിവരവും, 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം / കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം അനുസരിച്ച്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ

റിപ്പോർട്ടും, sec.kerala.gov.in സൈറ്റിൽ ഓൺലൈനിലൂടെയും നേരിട്ടും യഥാസമയം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷന് ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**ബി.സുരേന്ദ്രൻ പിള്ള**
**സെക്രട്ടറി**

പകർപ്പ്:

1. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ആമുഖകത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3. എല്ലാ ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) മാർക്കും
4. എല്ലാ തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ മാർക്കും
5. ബന്ധപ്പെട്ട ഉപവരണാധികാരികൾക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർ മുഖേന)
6. എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും (ബന്ധപ്പെട്ട സെക്ഷനുകൾ തിരഞ്ഞെടുപ്പ് നടക്കുന്ന ജില്ലകളിലെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുടെ പുരോഗതി മോണിറ്റർ ചെയ്യേണ്ടതാണ്)
7. സ്റ്റാന്റിംഗ് കൗൺസിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
8. എ2, എ4, ബി5 സെക്ഷനുകൾ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (ഫണ്ട് അനുവദിക്കുന്നതിനും തിരഞ്ഞെടുപ്പ് സാമഗ്രികൾ വിതരണം ചെയ്യുന്നതിനും)
9. പബ്ലിക് റിലേഷൻസ് ഓഫീസർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ (പത്രക്കുറിപ്പ് നൽകുന്നതിനായി)
10. കമ്മീഷണറുടെ പി.എസ്./സി.എ./സെക്രട്ടറിയുടെ സി.എ.
11. കമ്പ്യൂട്ടർ പ്രോഗ്രാമർ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, ഫയൽ/സ്റ്റോക്ക് ഫയൽ

## അനുബന്ധം - 2

### കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ
### ഉപതിരഞ്ഞെടുപ്പ് (12/12/2023)
### കാര്യപരിപാടി

| | | |
|---|---|---|
| തിരഞ്ഞെടുപ്പ് കമ്മീഷന്റെ വിജ്ഞാപനവും വരണാധികാരി പുറപ്പെടുവിക്കുന്ന തിരഞ്ഞെടുപ്പ് നോട്ടീസ് പരസ്യപ്പെടുത്തലും | : | **2023 നവംബർ 16 (വ്യാഴം)** |
| നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | : | **2023 നവംബർ 23 (വ്യാഴം)** |
| നാമനിർദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | : | **2023 നവംബർ 24 (വെള്ളി)** |
| സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള അവസാന തീയതി | : | **2023 നവംബർ 27 (തിങ്കൾ)** |
| ആവശ്യമുള്ളപക്ഷം വോട്ടെടുപ്പ് നടത്തുന്നതിനുള്ള തീയതിയും സമയവും | : | **2023 ഡിസംബർ 12 (ചൊവ്വ) സമയം രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെ** |
| വോട്ടെണ്ണൽ നടത്തുന്നതിനുള്ള തീയതി | : | **2023 ഡിസംബർ 13 (ബുധൻ) രാവിലെ 10 മണി മുതൽ** |
| തിരഞ്ഞെടുപ്പ് പൂർത്തിയാക്കാനുള്ള അവസാന തീയതി | : | **2023 ഡിസംബർ 14 (വ്യാഴം)** |
| തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് സമർപ്പിക്കാനുള്ള അവസാന തീയതി | : | **2024 ജനുവരി 12 (വെള്ളി)** |

ബി.സുരേന്ദ്രൻ പിള്ള
സെക്രട്ടറി